പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1314 | 15-10-2026-ൽ മറുപടിയ്ക്ക്

<u>കഴക്കൂട്ടം മിനി സിവിൽ സ്റ്റേഷൻ</u>

<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u> | <u>മറുപടി നൽകിയ മന്ത്രി</u>

ശ്രീ. വി. മുരളീധരൻ | ശ്രീ. എ. പി. അനിൽ കുമാർ (റവന്യൂ വകുപ്പ് മന്ത്രി)

**(എ)** കഴക്കൂട്ടം നിയോജകമണ്ഡലത്തിലെ വിവിധ ഭാഗങ്ങളിൽ പ്രവർത്തിക്കുന്ന സർക്കാർ ഓഫീസുകളെ ഒരേ സ്ഥലത്ത് സ്ഥാപിക്കുക എന്ന ഉദ്ദേശ്യത്തോടെ വിഭാവനം ചെയ്ത മിനി സിവിൽ സ്റ്റേഷൻ പദ്ധതിയുടെ നിർമ്മാണം ഒരു ദശകത്തോളമായിട്ടും ആരംഭിക്കാൻ കഴിഞ്ഞിട്ടില്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കാരണങ്ങൾ വ്യക്തമാക്കുമോ; മിനി സിവിൽ സ്റ്റേഷനു വേണ്ടി കഴക്കൂട്ടം വില്ലേജിൽ കണ്ടെത്തിയ സ്ഥലത്തിന്റെ അവകാശ തർക്കം സംബന്ധിച്ച് 2020-ൽ കോടതിയിൽ ഫയൽ ചെയ്യപ്പെട്ട കേസിലെ നടപടികൾ ഇനിയും പൂർത്തിയായിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

**<u>മറുപടി:</u>** ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത പദ്ധതിയ്ക്കായി കണ്ടെത്തിയ ഭൂമിയുടെ അവകാശത്തർക്കവുമായി ബന്ധപ്പെട്ട് ബഹു.തിരുവനന്തപുരം സബ് കോടതിയിൽ OS-44/2020 നമ്പരായി ഫയൽ ചെയ്ത കേസിന്റെ തീർപ്പിന് വിധേയമായി മാത്രമേ ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

**(ബി)** മിനി സിവിൽ സ്റ്റേഷൻ നിർമ്മാണം സംബന്ധിച്ച കേസ് 2023-ൽ ബഹു. ഹൈക്കോടതി ഇടപെട്ട്, മുൻഗണന നൽകി ഒത്തുതീർപ്പാക്കാൻ നിർദ്ദേശിച്ചിട്ടും പ്രസ്തുത കേസിൽ അർഹിക്കുന്ന പ്രാധാന്യത്തോടെ തുടർനടപടികൾ സ്വീകരിക്കുന്നതിൽ ഉദ്യോഗസ്ഥതലത്തിലുണ്ടായ വീഴ്ച പരിശോധിക്കുമോ; കേസ് സമയബന്ധിതമായി തീർപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

**<u>മറുപടി:</u>** OS-44/2020 നമ്പർ കേസിലെ വാദികൾ ടി കേസിന്റെ വിചാരണ വൈകിപ്പിക്കുന്നതിനായി പലപ്പോഴായി വിവിധതരം ഹർജികൾ ഫയൽ ചെയ്തുവന്നിരുന്നതിനാലും, ബഹു.കേരള ഹൈക്കോടതി ടി കേസ് തീർപ്പാക്കുന്നതിന് വിചാരണ കോടതിക്ക് അധിക സമയം അനുവദിച്ച് ഉത്തരവായിട്ടുള്ളതിനാലുമാണ് ടി കേസ് തീർപ്പാകാത്തത്. പ്രസ്തുത കേസ് സമയബന്ധിതമായി തീർപ്പാക്കുന്നതിൽ ഉദ്യാഗസ്ഥ തലത്തിൽ വീഴ്ച വന്നിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ടി കേസ് വീണ്ടും 22.10.2026 ൽ വിചാരണയ്ക്ക് വച്ചിട്ടുള്ളതുമാണ്. പ്രസ്തുത കേസിന്റെ തീർപ്പിന് വിധേയമായി മാത്രമേ ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

**സെക്ഷൻ ഓഫീസർ**